# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – കോട്ടയം ജില്ല – കിടങ്ങൂർ ഗ്രാമപഞ്ചായത്ത് – കിടങ്ങൂർ വില്ലേജ് – **പെട്രോൾ പമ്പ് നിർമ്മാണം** ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/11/2019, 5/02/2020 എന്നീ തീയതികളിലെ എ 4-4908/2019 നമ്പർ കത്തുകൾ

2. കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ 12/12/2019, 14/2/2020 എന്നീ തീയതികളിലെ TCPKTM/1542/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/3187/2019 -C3** തീയതി: **27/02/2020**

---

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടങ്ങൂർ വില്ലേജ് ബ്ലോക്ക് നമ്പർ 16-ൽ റീ സർവ്വേ നമ്പർ 196/20 B -ൽ ഉൾപ്പെട്ട സ്ഥലമുടമയുടെ പേരിലുള്ള 1599 ച.മീ ആകെ വസ്തുവിൽ നിന്നും 725 ച.മീ. സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് (38. ച.മീ) കനോപ്പി (136 ച.മീ.) ഉൾപ്പെടെ 174 ച.മീ ആകെ വിസ്തീർണ്ണം വരുന്ന IOC യുടെ **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. സണ്ണി വി,** വെളുത്തേടത്ത് പറമ്പിൽ, കോലടി, ചെമ്പ്ലാവ് പി. ഒ. കിടങ്ങൂർ, കോട്ടയം -686584 ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീസർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പ് വരുത്തണം.
2. ചട്ടം 30 പ്രകാരം മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

4. കെ.പി.ബി.ആർ. 2011 ചട്ടം 61 (6) പ്രകാരം അഗ്നി സുരക്ഷാ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയിരിക്കേണ്ടതാണ്.
5. ചട്ടം 61 (17) പ്രകാരം മലിന ജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. ചട്ടം 61 (10) പ്രകാരം പെട്രോൾ ടാങ്കുകളുടേയും വെന്റ് പൈപ്പുകളുടേയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം.
7. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :**51/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ,കോട്ടയം

<u>പകർപ്പ്:-</u>

1. ശ്രീ. സണ്ണി.വി. വെളുത്തേടത്ത് പറമ്പിൽ, കോലടി, ചെമ്പ്ലാവ് പി . ഒ. , കിടങ്ങൂർ, കോട്ടയം- 686584
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം